## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4874 | 23.03.2018-ൽ മറുപടിയ്ക്ക്

## സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. വി. ജോയി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ഉദ്യോഗം കരസ്ഥമാക്കുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രം വർക്കലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വകുപ്പിന്റെ കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പി.എസ്.സി പരിശീലനം നൽകുന്നതിനായി ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. വർക്കലയിൽ പി.എസ്.സി പരീക്ഷപരിശീലനകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. |
| (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഇത്തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിലായി 4 പി.ഇ.ടി.സി.കൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ